പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1965 — 14.08.2017 — ൽ മറുപടിക്ക്

## റേഷൻ കാർഡുകളിലെ തെറ്റുകൾ

**ചോദ്യം**

ശ്രീ. മുരളി പെരുനെല്ലി :

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിലെ 62, 63 നമ്പർ റേഷൻ കടകളുടെ പരിധിയിൽ വരുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ വ്യാപകമായി തെറ്റുകൾ കടന്നു കൂടിയതിനാൽ റേഷൻ കാർഡ് വിതരണം തടസ്സപ്പെട്ടിട്ടുള്ളതും റേഷൻ സാധനങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ക്ലറിക്കൽ പിഴവ് മൂലം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഏതാനും കാർഡുകളിൽ ചില തെറ്റുകൾ കടന്നു കൂടിയ സാഹചര്യത്തിൽ അവർക്ക് കാർഡ് വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈ കാർഡുടമകൾക്ക് റേഷൻ വിഹിതം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ